(എഫ്) സംവരണം ചെയ്തതായി പ്രഖ്യാപിച്ചിരുന്ന സ്ഥാനത്തേക്ക് മുന്നോക്ക സമുദായത്തിൽപ്പെട്ടയാളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; ഏതു തസ്തികയിലാണ് നിയമിച്ചത്;

(ജി) പ്രസ്തുത നിയമനങ്ങൾ റദ്ദാക്കുമോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ അനുവദനീയമായ ഒഴിവുള്ള തസ്തികകളിൽ സഹകരണ സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതുവരെ നിശ്ചിത യോഗ്യതയുള്ളവരെ അതാത് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനമാത്രം നിയമനം നടത്തേണ്ടതാണ് എന്നും എന്നാൽ സാഹചര്യം അനിവാര്യമാണെങ്കിൽ മാത്രം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റോ, മറ്റു പ്രശസ്തമായ സർക്കാർ ഏജൻസിയോ മുഖേന എഴുത്തുപരീക്ഷ നടത്തി നിയമനം നടത്താൻ സഹകരണ സംഘം രജിസ്ട്രാർക്ക് സംഘങ്ങളെ അനുവദിക്കാവുന്നതാണ് എന്നതുമാണ് ഹൈക്കോടതി വിധി.

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കുലർ നിർദ്ദേശം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരാതികൾ ഉണ്ടായിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടക്കുന്നുണ്ട്. നിയമനം ക്രമവിരുദ്ധമാണ് എന്ന് തെളിഞ്ഞാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 12 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉത്തരം 'ഇ' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ജി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

109 (1964) സഹകരണ വകുപ്പിലെ ഒഴിവുകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ വകുപ്പിൽ ഓഡിറ്റേഴ്സ് ആന്റ് ഇൻസ്പെക്ടേഴ്സ് തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നികത്താൻ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം ആരംഭിച്ചിട്ടുണ്ടോ; ഒഴിവുകളിൽ താൽക്കാലിക നിയമനത്തിൽ എത്രപേർ ഇപ്പോൾ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ ഇപ്പോൾ ആകെ 336 ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക ഒഴിവുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	- 1
കൊല്ലം	- 4
പത്തനംതിട്ട	- 3
ആലപ്പുഴ	- 9
ഇടുക്കി	- 23
കോട്ടയം	- 25
എറണാകുളം	- 6
തൃശ്ശൂർ	- 61
പാലക്കാട്	- 49
മലപ്പുറം	- 23
കോഴിക്കോട്	- 11
വയനാട്	- 29
കണ്ണൂർ	- 51
കാസർഗോഡ്	- 33
മിൽമ (സംസ്ഥാന പരിധി)	- 8
ആകെ	- 336

(ബി) മേൽപ്പറഞ്ഞ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. ടി. ഒഴിവുകളിൽ ഇപ്പോൾ 9 പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

110 (1965) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ വരെ ജനകീയാസൂത്രണ പദ്ധതിയിൽ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുകയുടെ പ്രവൃത്തി പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 60.61 കോടി രൂപ.

(ബി) 32.1449 കോടി രൂപയ്ക്കുള്ള ജോലി പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly